**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4541** **29-10-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി വട്ടുലക്കിയിലെ വനഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ വട്ടുലക്കിയിൽ ഹൈറേഞ്ച് ഡെവലപ്മെൻറ് സൊസൈറ്റി എന്ന സംഘടനയ്ക്ക് സ്വന്തം പേരിൽ ഭൂമിയുണ്ടോ; | (എ) | ടി സംഘടനയ്ക്ക് സ്വന്തം പേരിൽ ഭൂമിയുണ്ടോ എന്ന വിവരം വനം വകുപ്പിൽ ലഭ്യമല്ല. |
| (ബി) | വട്ടുലക്കിയിലെ വനഭൂമിയിൽ ഈ സംഘടന അവകാശവാദം ഉന്നയിക്കുകയുണ്ടായോ; എങ്കിൽ അവകാശവാദം ഉന്നയിച്ച സംഘടന ഭാരവാഹികൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | വട്ടുലക്കിയിലെ വനഭൂമിയിൽ ഈ സംഘടന അവകാശ വാദം ഉന്നയിച്ചിട്ടില്ല. സംഘടനയുടെ ഭാരവാഹികളുടെ പേരുവിവരം വനം വകുപ്പിൽ ലഭ്യമല്ല. |
| (സി) | വട്ടുലക്കിയിലെ വനഭൂമിയിൽ അവകാശവാദം ഉന്നയിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (സി) | വട്ടുലക്കിയിലെ വനഭൂമിയിൽ അവകാശ വാദം ഉന്നയിച്ചു കൊണ്ട് കോടതി വ്യവഹാരങ്ങൾ നിലവിലില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുടെ പേരുവിവരങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ഡി) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഇ) | ഈ വ്യവഹാരങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികളുടെയും ട്രസ്റ്റുകളുടെയും പേരിൽ അട്ടപ്പാടിയിലെ വിവിധ മേഖലകളിലായി എത്ര ഭൂമിയാണ് നിലവിലുള്ളത്; ഒരോരുത്തരുടെയും പേരിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (എഫ്) | 1975-ലെ ആദിവാസി ഭൂമി നിയമത്തിന്റെ പ്രാബല്യം 1960 ജനുവരി ഒന്നുമുതൽ ആണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ 1960-ന് ശേഷം നടന്നിട്ടുള്ള നിയമവിരുദ്ധമായ ഭൂമി ഇടപാടുകൾ റദ്ദ് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (എഫ്) | മേൽ വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട തായതിനാൽ റവന്യൂ വകുപ്പാണ് തുടർ നടപടികൾ സ്വീകരി ക്കേണ്ടത്. |

സെക്ഷൻ ഓഫീസർ